മി. സ്പീക്കർ: ആർഡർ, ആർഡർ. അന്വേഷിക്കാമെന്നു പറഞ്ഞാൽ പിന്നെ, അതിന്റെ കാര്യങ്ങളെല്ലാം ചെയ്യുമെന്നാണ്.

ശ്രീ. ബി. മാധവൻനായർ : തിരുവനന്തപുരത്തു കോളശ്ശേരി കുളം (ചെട്ടിവിളാകത്ത്) കുഴിപ്പിച്ച് പമ്പുസെറ്റു സ്ഥാപിക്കുന്നതിനുള്ള മുന്നിലൊന്നു ചെലവു കൊടുക്കാമെന്നു നിവേദനം നടത്തിയിട്ട് വളരെ കാലതാമസമുണ്ടാകുന്നു. അതിനെപ്പറ്റി പരിശോധിക്കുകയും വേണ്ട നിർദ്ദേശം നൽകുകയും ചെയ്യാൻ ദയവുണ്ടാകുമോ ?

ശ്രീ. ഒ. കോരൻ : പ്രത്യേകിച്ച് അന്വേഷണംനടത്തി നടപടി എടുക്കുന്താണ്.

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ : പഞ്ചായത്തുകൾക്ക് പമ്പുസെറ്റുകൾ കിട്ടുന്നതിന് ബ്ലോക്കുമുഖേന, അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റുമുഖേന ആവശ്യപ്പെട്ടശേഷം, ഇപ്പോൾ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻമുഖേന ആവശ്യപ്പെട്ടാൽമാത്രമേ കൊടുക്കുകയുള്ളൂ എന്ന് ആർഡറായിരിക്കുകയാണ്. ആദ്യം അപേക്ഷകൊടുത്ത അപേക്ഷകർക്ക് പമ്പുസെറ്റുകൾ കിട്ടുന്നില്ല അവർ പമ്പുസെറ്റുകൾ കിട്ടുന്നതിനുവേണ്ടി എന്തു നടപടി സ്വീകരിക്കണം. എന്താണ് ഇന്നത്തെ വ്യവസ്ഥ ?

ശ്രീ. ഒ. കോരൻ : അപേക്ഷകൾ ധാരാളം വന്നിട്ടുണ്ടെങ്കിലും ഗവൺമെന്റിന്റെ സാമ്പത്തികപരാധീനതകൾ കണക്കിലെടുക്കുമ്പോൾ എല്ലാം അനുവദിക്കാൻ സാധിക്കാതെയാണ്വരുന്നത്.

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ: അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ സമീപിക്കണമോ അതോ അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റിനെ സമീപിക്കണമോ എന്നാണ് ചോദിച്ചത്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : വേറെ ചോദ്യം ചോദിക്കാൻ പറ.

ശ്രീ. ഒ. കോരൻ ; വേറെ ചോദ്യം ചോദിക്കണം.

ശ്രീ. എ. വി. ആര്യൻ : പമ്പുസെറ്റുകൾക്കുവേണ്ടി ബ്ലോക്കുമുഖേന ആവശ്യപ്പെട്ടിട്ട്, പണം കെട്ടിവച്ചശേഷം പമ്പുസെറ്റുകൾ കൊടുക്കാതിരിക്കുന്ന അനുഭവം നിരവധി ഉണ്ടായിട്ടുണ്ട്. ഒല്ലൂക്കരയും അതുപോലെ നിരവധി ബ്ലോക്കുകളിലും പമ്പുസെറ്റുകൾ കിട്ടിയിട്ടില്ല. ഇതുപോലെ, പമ്പുസെറ്റുകൾ കിട്ടാത്തയാളുകൾക്ക്, അവർ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ സമീപിക്കാൻ പറയാതെ ഏതു ബ്ലോക്കു മുഖേനയാണോ പമ്പുസെറ്റുകൾക്ക് അപേക്ഷിച്ചിട്ടുള്ളത് ആ ബ്ലോക്കുമുഖേന കൊടുക്കാൻ നടപടിയെടുക്കുമോ ?

ശ്രീ. ഒ. കോരൻ : പരിശ്രമിക്കാം.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഇനി കേരളത്തിലെ മുഴുവൻ കുളങ്ങളെപ്പറ്റിയും ചോദിക്കണം.

ഇറിഗേഷൻ പദ്ധതികൾ

* [78] 298. ശ്രീ. പി. പി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1970–71, 1971–72 എന്നീ സാമ്പത്തികവർഷങ്ങളിൽ പുതുതായി മേജർ ഇറിഗേഷൻ പദ്ധതികൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രയെണ്ണം അവ ഏവയെല്ലാമെന്നും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും കൃഷിയും മന്ത്രി (ശ്രീ. ഒ. കോരൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. പി. ജോർജ് : സർ, തൃശ്ശൂർ ജില്ലയിലെ ഭക്ഷ്യകാര്യത്തിൽ സ്വയംപര്യാപ്തതയുണ്ടാകാൻ പര്യാപ്തമായ ചിമ്മിനി-മുപ്ലി സ്കീം ഏതു നിലയിൽ ഇരുക്കുന്നുവെന്ന് ദയവായി പറയാമോ ?

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ചോദ്യം ചോദിച്ചു. മറുപടിയും പറഞ്ഞതാണ്.

മി. സ്പീക്കർ : ആർഡർ, ആർഡർ.

ശ്രീ. ഒ. കോരൻ : ചോദ്യത്തിന്റെ പരിധിയിൽ വരുന്നതല്ല. പ്രധാനമായ ഇറിഗേഷൻ പദ്ധതികളുടെ പ്രവർത്തനങ്ങൾമാത്രം ആദ്യം തുടർന്നുകൊണ്ടു പോകണമെന്ന് കേന്ദ്രഗവൺമെന്റിൽനിന്ന്, പ്രത്യേകിച്ചും ഇറിഗേഷൻ പ്രവർത്തനങ്ങളുടെ സ്റ്റാന്റിഡിഗ്രൂപ്പിൽനിന്ന് കർശനമായ നിർദ്ദേശം ഗവൺമെന്റിനു നൽകിയിരിക്കുകയാണ്. ആ പരാധീനത പരിഹരിക്കപ്പെട്ടശേഷംമാത്രം തുടർന്നു മറ്റു പദ്ധതികൾ ഏറ്റെടുത്താൽമതിയെന്ന നിർദ്ദേശം കിട്ടിയിട്ടുണ്ട്. അതിനാൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പദ്ധതി നാലാം പദ്ധതിയുടെ അവസാന ഘട്ടത്തിൽമാത്രമേ പരിഗണനയ്ക്കെടുക്കാൻ കഴിയൂ.

ശ്രീ. പി. പി. ജോർജ് : ഈയിടെ കേരളം സന്ദർശിച്ച കേന്ദ്ര ജലസേചന-വിദ്യുച്ഛക്തി വകുപ്പുമന്ത്രി ഡോ. വി. കെ. ആർ. വി. റാവു മുൻപാകെ നമ്മുടെ സംസ്ഥാനത്തിലെ മേജർ ഇറിഗേഷൻ പദ്ധതികളെ സംബന്ധിച്ച് ഗവൺമെന്റ് ചർച്ച നടത്തിയോ, ഇതുസംബന്ധിച്ച് അദ്ദേഹത്തിന്റെ പ്രതികരണമെന്തായിരുന്നു, എന്ത് തീരുമാനത്തിലാണ്? എത്തിയത് എന്നു പറയാമോ ?

ശ്രീ. ഒ. കോരൻ : ഡോ. റാവുവിനെ സംബന്ധിച്ചിടത്തോളം, നമ്മുടെ നാട്ടിലെ ഇറിഗേഷൻ പ്രവർത്തനങ്ങൾ ബൈഹാർട്ടാക്കിയിട്ടുള്ള ആളായതിനാൽ പ്രത്യേകം ചർച്ചചെയ്തു അറിയിക്കേണ്ട കാര്യമില്ല. ഇപ്പോൾ ആരംഭിച്ചിട്ടുള്ള പ്രവർത്തനങ്ങളുടെ പണി പൂർത്തീകരിക്കാൻതന്നെ ആവശ്യമായ പണം അപര്യാപ്തമായതുകൊണ്ട് കൂടുതൽ ഫണ്ട് കിട്ടണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. രണ്ടു കോടി രൂപയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. 75 ലക്ഷം രൂപയോളം കുറെയാടിക്കും 75 ലക്ഷം രൂപ പമ്പയ്ക്കും 50 ലക്ഷം രൂപ മൈനർ ഇറിഗേഷൻ പ്രവർത്തനങ്ങൾക്കുമാണ് വകയിരുത്തിയിട്ടുള്ളത്. പൂർത്തിയാക്കാൻ കഴിയാത്ത മറ്റ് ഇറിഗേഷൻ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ 1 കോടി രൂപ തരാമെന്നും സമ്മതിച്ചിട്ടുണ്ട്. മറ്റു ഇറിഗേഷൻ പരിപാടികളുടെ കാര്യവും ചർച്ചചെയ്തു. കൂടുതൽ പ്രവർത്തനങ്ങൾ തുടരരുത്, ഇതു പൂർത്തിയാക്കിയിട്ടേ മറ്റു ഇറിഗേഷൻ പദ്ധതികളുടെ പ്രവർത്തനങ്ങൾ തുടരാവൂ എന്നതാണ് ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യം.

ശ്രീ. പി. എസ്. നമ്പൂതിരി: ചിമ്മിനി മുപ്ലി പദ്ധതി പുതിയ ഒരു പദ്ധതിയല്ലെന്ന് ബഹുമാനപ്പെട്ട ഒരു മെമ്പറുടെ ചോദ്യത്തിനുത്തരമായി ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എന്നാൽ ചാലിയാർ എന്ന സ്ഥലത്തുള്ള കനാലിൽ വെള്ളം കിട്ടാൻ ആവശ്യമായ ഒരു പദ്ധതിയാണ് ഇതെന്നുള്ള നിലക്ക് ഒരു മേജർ പദ്ധതിയായ ചിമ്മിനി-മുപ്ലി പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

കഴിയുന്നതും വേഗം ഏറ്റെടുത്തു പണി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികളെടുക്കുമോ?

ശ്രീ. ഒ. കോരൻ: ആ പദ്ധതിയെ സംബന്ധിച്ച് എന്റെ കൈവശമുള്ള റിപ്പോർട്ടിൽ കാണുന്നത് നാലാം പഞ്ചവൽസരപദ്ധതിയിൽ പൂർത്തിയാക്കേണ്ടതായ സ്കീമുകളുടെ കൂട്ടത്തിൽ നാലാമതായിട്ടാണു കാണുന്നതു്. കക്കടവു്, ഭവാനി, കാരപുഴ, ചിമ്മിനി മുപ്പട്ടി, കുരിയാർകുട്ടി, സൈലന്റുവാലി, ഇടുക്കി ഇവയാണ് പദ്ധതികൾ.

ശ്രീ. കെ. എ. ശിവരാമഭാരതി: കുരിയാർകുട്ടി പദ്ധതി ഒരു പുതിയ പദ്ധതിയല്ല. അത് കാഞ്ഞിരംപുഴപദ്ധതിയുടെ സെക്കണ്ട് സ്റ്റേജാണെന്നറിയാമോ?

ശ്രീ. ഒ. കോരൻ: ഫസ്റ്റുസ്റ്റേജ് കഴിഞ്ഞ് സെക്കണ്ട് സ്റ്റേജിലുള്ള പദ്ധതികളുടെ പേരാണ് ഞാൻ വായിച്ചത്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: ഇൻവെസ്റ്റിഗേഷനിൽ ഇരിക്കുന്ന വാമനപുരം പദ്ധതിയുടെ പണി ആരംഭിക്കുന്നതിനാവശ്യമായ നടപടികളെടുക്കുമോ?

ശ്രീ. ഒ. കോരൻ: പ്രത്യേകം നോട്ടീസ് വേണം.

ശ്രീ. കെ. കരുണാകരൻ: ഇപ്പോഴും നിലവിലുള്ള പദ്ധതികളും പൂർത്തിയാക്കിയതിനുശേഷം മാത്രമേ പുതിയ പദ്ധതികളും ഏറ്റെടുക്കുകയുള്ളോ? പുതിയ പദ്ധതികളും ഏറ്റെടുക്കുന്നതിനു സാമ്പത്തികമായ പരാധീനതയാണോ പദ്ധതികളുടെ പ്രവർത്തനത്തിലുള്ള കാലതാമസമാണോ കാരണം?

ശ്രീ. ഒ. കോരൻ: രണ്ടും ഉണ്ട്.

ശ്രീ. കെ. കരുണാകരൻ: നാലാംപഞ്ചവൽസരപദ്ധതിയിൽ നീക്കിവയ്ക്കുന്ന സംഖ്യയിൽനിന്നും ഇതിന്റെ പ്രവർത്തനം കാലേകൂട്ടി ആരംഭിച്ചില്ലെങ്കിൽ അതിന്റെ പ്രവർത്തനം ദീർഘിച്ചുപോകുമെന്നുള്ളതുകൊണ്ട് ഈ പദ്ധതികളെ സംബന്ധിച്ചിടത്തോളം പ്രത്യേക പരിഗണന നൽകാൻ സന്നദ്ധമാകുമോ?

ശ്രീ. ഒ. കോരൻ: നാലാംപഞ്ചവൽസരപദ്ധതിയുടെ ആരംഭഘട്ടത്തിൽ പൂർത്തിയാക്കേണ്ടവയെപ്പറ്റിയുള്ള റിപ്പോർട്ടുണ്ട്. പെരിയാർവാലി, കല്ലട, പമ്പ, കുരിയാർകുട്ടി, കാഞ്ഞിരപ്പുഴ, പഴശി, ഇതെല്ലാം നാലാംപഞ്ചവൽസരപദ്ധതിയിൽ ആരംഭിക്കേണ്ടതാണ്. ഇവയെല്ലാംതന്നെ രണ്ടാംപഞ്ചവൽസരപദ്ധതിയിൽ ആരംഭിച്ചതാണെങ്കിൽ പരിപൂർണ്ണമായി പൂർത്തീകരിക്കുന്നതു് നാലാംപഞ്ചവൽസരപദ്ധതിയിലാണ്. ഈ പദ്ധതികളും പൂർത്തിയാക്കുന്നതിനുള്ള ഫണ്ട് അലോട്ടു ചെയ്തു കിട്ടുന്നുണ്ട്.

ശ്രീ. പി. കുഞ്ഞൻ: ബഹുമാനപ്പെട്ട മന്ത്രി കുറെ പദ്ധതികളുടെ പേരു് അടങ്ങിയ ലിസ്റ്റു നോക്കി വായിച്ചു. അതിൽ പ്രധാനപ്പെട്ട ഒരു പദ്ധതിയായ കാഞ്ഞിരപ്പുഴപദ്ധതി നാലാംപഞ്ചവൽസരപദ്ധതിയിൽ പൂർത്തിയാക്കാമെന്നാണ് പറയുന്നതു്. ഇപ്പോഴും കാഞ്ഞിരപ്പുഴ പദ്ധതിക്ക് മാസംപ്രതി വമ്പിച്ച ഒരു സംഖ്യ അവിടെ ജോലി നോക്കുന്ന ഉദ്യോഗസ്ഥൻമാർക്കു ശമ്പളമായി കൊടുക്കുന്നുണ്ട്. അങ്ങിനെ കൊടുത്തിട്ടുള്ള ഈ വർഷ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും, അത് ഏത് വർഷം പൂർത്തിയാക്കാൻ സാധിക്കുമെന്നും പറയാമോ?

(ഓരോരുത്തരും ചോദ്യം ചോദിക്കുമ്പോഴും അതിന്റെ ഉത്തരം എന്നുള്ള നിലയിൽ ശ്രീ. ജോസഫ് ചാഴിക്കാട്ട് സീറ്റിലിരുന്നുകൊണ്ട് ഓരോന്നു പറഞ്ഞുകൊണ്ടിരുന്നു.)

ശ്രീ. പി. കുഞ്ഞൻ: സർ, ഇങ്ങനെയാണെങ്കിൽ ഈ ബഹുമാനപ്പെട്ട മെമ്പർ എല്ലാവരുടേയും ചോദ്യങ്ങൾക്ക് ഉത്തരം പറഞ്ഞാൽ മതിയല്ലോ? മന്ത്രിമാരുടെ ആവശ്യമില്ലല്ലോ? ഈ നിയമസഭയിലെ ഒരു പ്രായപൂർത്തിയായ മെമ്പറാണ് ശ്രീ. ചാഴിക്കാട്ട്. അദ്ദേഹം ഇങ്ങനെ ചെയ്യുന്നതു ശരിയാണോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഞാൻ പ്രായപൂർത്തിയായ ഒരംഗമാണെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ എനിക്കു വളരെയധികം സന്തോഷമുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സർ, ഇതിലൊരു ഇൻസീനുവേഷനുണ്ട്. ഈ സഭയിലെ ഒരു ബഹുമാനപ്പെട്ട മെമ്പർ പ്രായപൂർത്തിയായോ എന്നു സംശയിക്കുന്നവിധത്തിലുള്ള ഒരു ധ്വനി ബഹുമാനപ്പെട്ട മെമ്പർ കുഞ്ഞന്റെ വിശദീകരണത്തിലുണ്ട്.

ശ്രീ. ഒ. കോരൻ: കാഞ്ഞിരപ്പുഴ പദ്ധതിയുടെ പ്രവർത്തനം നടക്കുന്നില്ലെന്നുള്ളതു ശരിയല്ല. ചിലപ്പോൾ വേണ്ടത്ര കാര്യക്ഷമമായി നടക്കുന്നില്ലായിരിക്കും. പദ്ധതികളുടെ പ്രവർത്തനം പൂർത്തീകരിക്കുന്നതിനു ഒരുകോടി രൂപ കൂടി കേന്ദ്രത്തോടാവശ്യപ്പെട്ടിട്ടുണ്ട്. കാഞ്ഞിരപ്പുഴ പദ്ധതി അടക്കമുള്ള പദ്ധതികളും പൂർത്തിയാക്കുന്നതിനു വേണ്ടിയാണ് ഇതാവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളും ഇരുപ്പൂ നിലങ്ങളാക്കുന്നതിനു സഹായകമായ പദ്ധതിയുടെ ഭാഗമായ ചിമ്മിനി–മുപ്പിളി പദ്ധതിയുടെ പണി നടത്തുന്നതിന് അഗ്രികൾച്ചറൽ റീഫൈനാൻസ് കോർപ്പറേഷൻ പണം കടം തരാമെന്നു പറഞ്ഞിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ: അങ്ങിനെയുള്ള സ്കീം ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. എ. വി. കുഞ്ഞാമ്പു: ചിമ്മിനി–മുപ്പിളി സ്കീം കരുവന്നൂർ സ്കീമിന്റെ ഭാഗമാണ്. അതു പുതിയ പദ്ധതിയല്ല. മറ്റൊരു പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്നുള്ള വിവരം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിൽ, അതു പെടുത്തിയിട്ട് ആ പദ്ധതി പൂർത്തിയാക്കാനുള്ള പണം ആവശ്യപ്പെട്ടു പണി പൂർത്തിയാക്കുന്നതിനു ഈ ഗവൺമെന്റു സന്നദ്ധമാകുമോ?

ശ്രീ. ഒ. കോരൻ: ഞാൻ ഇവിടെ വായിച്ചതു ഇവിടെ അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ ലിസ്റ്റാണ്. ആ പദ്ധതി മറ്റൊരു പദ്ധതിയുടെ ഭാഗമാണോയെന്നു അന്വേഷിച്ചു ഉത്തരം പറയാം.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: കാക്കടവു പദ്ധതിയുടെ ഡിറൈൽഡ് എസ്റ്റിമേറ്റു പൂർത്തിയാക്കപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. കോരൻ: പൂർത്തിയാക്കപ്പെട്ടിട്ടുണ്ട്. 90 ലക്ഷം രൂപ ചെലവു വരുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നതു്.

ശ്രീ. ആർ. എസ്. ഉണ്ണി: കല്ലട പദ്ധതി പൂർത്തികരിക്കുന്നതിനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ: ഏർപ്പാടു ചെയ്തിട്ടുണ്ട്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: കല്ലട ഇറിഗേഷൻ സ്കീമിനും പമ്പാ ഇറിഗേഷൻ സ്കീമിനും ഫണ്ട് അലോട്ടു ചെയ്തു കിട്ടണമെന്നാവശ്യപ്പെട്ടു കൊണ്ട് ജില്ലാ ഉപദേശകസമിതി പ്രമേയം പാസ്സാക്കി അയച്ചിട്ടുണ്ടോ? ഇന്ന് അവിടെ പോസ്റ്റു ചെയ്തിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ സേവനം ഉപയോഗപ്പെടുത്താൻ കഴിയുമോ?

ശ്രീ. ഒ. കോരൻ: പമ്പാ ഇറിഗേഷൻ പദ്ധതിക്കു 55 ലക്ഷം രൂപ അനുവദിച്ചിരിക്കുകയാണ്.

ശ്രീ. എ. വി. ആര്യൻ: പഴശി പദ്ധതിയുടെ പണി വളരെ മന്ദീഭവിച്ചാണു നടക്കുന്നത്; കഴിഞ്ഞകൊല്ലം നടക്കുന്നതിൽനിന്നും ഇക്കൊല്ലം യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. ഇതിനു വല്ല കാരണവുമുണ്ടോ?

ശ്രീ. ഒ. കോരൻ: പ്രത്യക കാരണമൊന്നുമില്ല. നമ്മുടെ പദ്ധതിയിൽ രണ്ടാംപഞ്ചവൽസരപദ്ധതിയിൽ ആരംഭിച്ച പദ്ധതികളുടെ പ്രവർത്തനം മുന്നോട്ടു പോകാത്തതു സാമ്പത്തികപരാധീനതകൊണ്ടാണ്. ഇപ്പോഴ് എല്ലാ പദ്ധതികളും പൂർത്തിയാക്കുന്നതിനു ഒരുകോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. അത് അനുവദിച്ചു കിട്ടിയാൽ ഈ പദ്ധതികളുടെ പ്രവർത്തനം എത്രയും വേഗത്തിൽ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കും.

ശ്രീ. എസ്. ദാമോദരൻ: തണ്ണീർമുക്കം പ്രോജക്ടിന്റെ പണിക്ക് ആവശ്യമുള്ള തുക ഗവൺമെൻറിൽനിന്നും അനുവദിച്ചിട്ടില്ല. ആ പ്രോജക്ടിന്റെ പണിക്കു വേണ്ട തുക അടിയന്തിരമായി അനുവദിക്കുന്നതിനു വേണ്ടി ശ്രമിക്കുമോ?

ശ്രീ. ഒ. കോരൻ: 1968-ലാണ് ഈ സ്കീം ആരംഭിച്ചത്. ഫണ്ടിന്റെ അഭാവം ഒരു സാങ്കേതികമായ തടസ്സമാണ്. അതിന്റെ പണി വളരെ വേഗത്തിൽ പൂർത്തിയാക്കുന്നതിനു ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ വിളിച്ചു ഒരു കോൺഫറൻസ് നടത്തിയിട്ടുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: അൺഎംപ്ലോയ്ഡ് ഇൻജിനിയേഴ്സ് അസോസിയേഷൻ ഇറിഗേഷൻ പദ്ധതികൾ ഏറെറടുത്തു നടത്തുന്നതിനു 25 ലക്ഷം രൂപ ഇൻഡ്യാഗവൺമെൻറ് സ്പോൺസർ ചെയ്തു തരാമെന്നു ഗവൺമെൻറിനെ ഏൽപിച്ചതായി അൺഎംപ്ലോയ്ഡ്ഇൻജിനിയേഴ്സ്അസോസിയേഷന്റെ പ്രതിനിധികൾ പറയുന്നുണ്ട്. ആ രൂപ ഉപയോഗപ്പെടുത്തി പദ്ധതികൾ ഇൻവെസ്റ്റു ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

ശ്രീ. ഒ. കോരൻ: ഇരുപത്തിയഞ്ചുലക്ഷം രൂപയല്ല, പന്ത്രണ്ട് ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളതു്. തുടങ്ങാനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: തണ്ണീർമുക്കം ബണ്ടിന്റെ പണി ത്വരിതപ്പെടുത്തണമെന്നു പറയുകയുണ്ടായി. ആ ബണ്ടിന്റെ പണി ചെറിയ

LIBRARY ARCHIVES Kerala Legislative Assembly

ചെറിയ വർക്കുകളായി കൊടുക്കുന്നതിനു പകരം അതൊന്നിച്ചു ഏറ്റെടുത്തു നടത്താൻ കഴിയുന്ന കോൺട്രാക്ടർക്കോ വല്ല കമ്പനികൾക്കോ കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. ഒ. കോരൻ: അതിന്റെ പണി തുടങ്ങുന്നതിനുള്ള നടപടികൾ എടുത്തു കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ നടക്കുന്ന വിധത്തിൽ പണികൾ നടന്നു പോയാൽ മതിയെന്നുള്ള തീരുമാനമാണ് എടുത്തിട്ടുള്ളത്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: അൺഎംപ്ലോയ്ഡ് ഇൻജിനിയേഴ്സിന് തൊഴിൽ നൽകുന്നതിനുവേണ്ടി നമ്മുടെ അയൽസംസ്ഥാനമായ തമിഴ്നാട്ടിൽ 15 ലക്ഷം രൂപ ലഭിച്ചിട്ടുണ്ടെന്നു കേൾക്കുന്നു. അതേസമയം നമ്മുടെ സ്റേറിനു പന്ത്രണ്ടു ലക്ഷം രൂപയേ ലഭിച്ചിട്ടുള്ളുവെന്നു പറയുന്നു. ഈ വ്യത്യാസത്തിനുള്ള കാരണമെന്താണ്?

ശ്രീ. ഒ. കോരൻ: പന്ത്രണ്ടു ലക്ഷം എന്നു ഞാൻ പറഞ്ഞത് ഓർമ്മയിൽ നിന്നാണ്. അതുപയോഗിച്ചു തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ: എന്നത്തേയ്ക്കു ആ നടപടി തുടങ്ങുമെന്നു പറയാമോ?

ശ്രീ. ഒ. കോരൻ: ആരംഭിച്ചിട്ടുണ്ട്.

WRITTEN ANSWERS

പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള നിയമനങ്ങൾ

79. (300) ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) :
,, വി. എസ്. അച്ച്യുതാനന്ദൻ :
,, ഈ. പി. കൃഷ്ണൻ നമ്പ്യാർ :
,, സി. ബി. ചന്ദ്രശേഖര വാര്യർ :
,, ടി. എം. മീതിയൻ :
,, ഈ. ബാലാനന്ദൻ :
,, പി. കുഞ്ഞൻ :
,, കെ. ചാത്തുണ്ണി മാസ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിൽ വിവിധ തസ്തികകളിലായി എത്രപേരെ നിയമിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത തസ്തികകളിലേക്ക് അപേക്ഷ ക്ഷണിക്കുകയും അതേത്തുടർന്ന് എഴുത്തുപരീക്ഷയും ഇൻറർവ്യൂവും നടത്തുകയുമുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly